**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4494** **29-10-2021 - ൽ മറുപടിയ്ക്ക്**

**വായ്പയെടുത്ത് കടക്കെണിയിലായവർക്ക് ആശ്വാസ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . എൻ . ഷംസുദ്ദീൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സർക്കാർ, സഹകരണ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് കടക്കെണിയിലായ പട്ടിക ജാതി/പട്ടിക വർഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് വകുപ്പ് നൽകുന്ന ആശ്വാസ നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; ഇതിനായി വായ്പ എടുത്തവർ ചെയ്യേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ? | (എ) | പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2010 ന് തിരിച്ചടവ് കാലയളവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ചേർത്ത് ഒരു ലക്ഷം രൂപ വരെ എഴുതി തള്ളുന്നതിന് 31.03.2015 ലെ സ.ഉ. (പി) നം 24/2015 പജപവവിവ പ്രകാരം ഉത്തരവായിരുന്നു. ടി പദ്ധതിയുടെ ഗുണഭോക്താവാകാനുള്ള വരുമാന പരിധി 1.5 ലക്ഷം രൂപയാണ്. മേൽ ഉത്തരവ് പ്രകാരം പട്ടികജാതി വികസന വകുപ്പ് തുക അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്ന് വായ്പ എടുത്ത് കുടിശ്ശികയായവരുടെ വായ്പ തുക പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനും, സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്ത് കുടിശ്ശികയായവരുടെ വായ്പ തുക സഹകരണ സംഘം രജിസ്ട്രാറും എഴുതി തള്ളിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും, 01.04.2006 മുതൽ 31.03.2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ പലിശയും, പിഴപ്പലിശയും ഉൾപ്പെടെയുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ സ.ഉ.(അ) നമ്പർ 71/2015/പജപവവിവ തീയതി 01.10.2015 പ്രകാരം എഴുതി തള്ളുന്നതിന് ഉത്തരവായിരുന്നു. ടി പദ്ധതി നിർവ്വഹണത്തിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ